
**ആദിവാസി സംസ്കാരത്തിന്റെ സവിശേഷതയെക്കുറിച്ച്,
ബംഗാളിന്റെ സമകാലിക അവസ്ഥകളെക്കുറിച്ച്,
വികസനത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച്,
സാഹിത്യത്തെക്കുറിച്ച്, സിനിമയെക്കുറിച്ച്,
ഋത്വിക് ഘട്ടക്കിനെക്കുറിച്ച്, സത്യജിത്റായിയെക്കുറിച്ച്,
ടാഗോറിനെക്കുറിച്ച് സംസാരിക്കുന്നു...**

**മഹാശ്വേതാദേവി/ഐ. ഷൺമുഖദാസ്**

# യുക്തിശൂന്യമായതൊന്നും ആദിവാസികൾ ചെയ്യില്ല



ഫോട്ടോ: ഉബൈദ്

**ഗായത്രി സ്പിവാക്കുമായി 1991–ൽ നടന്ന ഒരു സംഭാഷണം 'ഇമാജിനറി മാപ്പിങ്ങ്സ്' (Imaginary Mappings) എന്ന പുസ്തകത്തിൽ ചേർത്തിട്ടുള്ളത് വായിച്ചപ്പോൾ, അവസാനത്തെ വാക്യം ശ്രദ്ധയിൽപ്പെട്ടു. "വീറോടുകൂടി 'വികസന'ത്തെ പ്രതിരോധിക്കുക എന്നതും സ്നേഹിക്കാൻ പഠിക്കുക എന്നതും ആണ് നമ്മുടെ രണ്ടു ജോലികൾ" (Our double task is to resist, 'development' actively and to learn to love). ഈ വാക്യം ഒന്നു വിശദീകരിക്കാമോ, ഇതുപറഞ്ഞിട്ട് ഇരുപതുവർഷം പിന്നിട്ടിരിക്കുന്നു എങ്കിലും 'ഷിക്കാർ' എന്ന കഥയും വിവർത്തകയായ സ്പിവാക്കിന്റെ ഒരു ആമുഖവും എല്ലാം പുസ്തകത്തിലുണ്ട്. സംഭാഷണത്തിൽ ആദിവാസി സമൂഹങ്ങളുടെ ജീവിതത്തെക്കുറിച്ചാണ് വിവരിച്ചിട്ടുള്ളത്?**

("മുഖ്യധാര മനുഷ്യരുടെ പ്രതിനിധിയായ പത്രപ്രവർത്തകന് ആദിവാസികളുമായി ഒരു ബന്ധവുമില്ല. അവരുടെ പാതകൾ സമാന്തരങ്ങൾ ആയിട്ടാണ് പോകുന്നത്". സംഭാഷണത്തിന്റെ അവസാനഭാഗം ചൂണ്ടിക്കാണിക്കാനായി പുസ്തകം കൊടുത്തപ്പോൾ ഈ വാക്കുകളെ തുടർന്നുവരുന്ന അവസാനഭാഗം വായിച്ചുകൊണ്ടായിരുന്നു സംസാരിക്കാൻ തുടങ്ങിയത്). ആദിവാസിക്ക് എന്താണ് വേണ്ടത് എന്ന്, സ്വന്തം ഹൃദയത്തോട് എന്താണ് ആദിവാസി ചേർത്ത് പിടിക്കുന്നത് എന്ന്,

അയാൾക്ക് (പത്രപ്രവർത്തകന്) അറിഞ്ഞുകൂടാ. സ്വന്തമാണ് എന്ന് കരുതുന്ന തങ്ങളുടെ തന്നെ സ്ഥലത്ത് താമസിക്കാനാണ് ആദിവാസികൾക്കാഗ്രഹം. മരിച്ചുപോയ പൂർവ്വികരോടുള്ള തങ്ങളുടെ ആദരവ് അവർക്ക് നിലനിർത്തേണ്ടതായിട്ടുണ്ട്. വികസനത്തിന്റെ പേരിൽ വന്നിട്ടുള്ളതെല്ലാം തന്നെ ആദിവാസികൾക്ക് വിനാശകരമായി ത്തീർന്നിട്ടുണ്ട്. മറ്റുള്ളവരെ അപമാനിക്കാൻ അവർക്കറിഞ്ഞുകൂടാ. "വീറോടുകൂടി 'വികസന'ത്തെ പ്രതിരോധിക്കുക എന്നതും സ്നേഹിക്കാൻ പഠിക്കുക എന്നതും ആണ്, നമ്മുടെ രണ്ടു ജോലികൾ". (He does not know what the tribal wants, what the tribal holds most dear to the heart. The tribals want to stay in the place which they know as their own. They want the respect that they hold for their dead ancestors. Whatever has come in the name of development has spelled disaster for the tribes. And they do not know how to dishonour others. Our double task is to resist 'development' actively and to learn to love). കഴിഞ്ഞ കുറെ വർഷങ്ങളായി, അധികവും ബംഗാളിലും ബിഹാറിലുമായി, വികസനത്തിന്റെ പേരിൽ ആദിവാസികൾക്ക് നേരിടേണ്ടിവന്ന അനുഭവങ്ങൾ ഞാൻ അറിഞ്ഞിട്ടുണ്ട്. അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല. അവർ ആരാധിക്കുന്നത് ഒരു മരത്തെ, ഒരു കല്ലിനെ ആയിരിക്കും. അവരുടെ ഭാവനയിൽ ആ കല്ല്, ആ മരം അവരുടെ ദൈവങ്ങളുടെ പ്രതീകമാണ്. തങ്ങളുടെ ജീവിതത്തെ പരിപാലിക്കുന്നവയെ അവർ ആരാധിക്കുന്നു. ആ മരങ്ങളാണ് മുറിച്ചുകളയുന്നത്. എന്നിട്ട് എന്തെങ്കിലും നിർമ്മാണം അവിടെ നടക്കുന്നു. ആദിവാസികൾക്കു വേണ്ടതെന്താണ് എന്ന് അന്വേഷിക്കുവാൻ ഒരിക്കലും ശ്രമിക്കുന്നില്ല. ഇന്ത്യയിലെ ആദിവാസികൾക്ക് അവരുടേതായ സമ്പന്നമായ ഒരു സംസ്കാരമുണ്ട്, അവരുടേതായ സാമൂഹ്യ രീതികളുണ്ട്. ആദിവാസികൾക്കിടയിൽ ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും തമ്മിൽ വ്യത്യാസമില്ല. സ്ത്രീയും പുരുഷനും എന്ന വ്യത്യാസമില്ല. ഒരു അച്ഛന് രണ്ട് പെൺമക്കളും മൂന്ന് ആൺമക്കളും ഉണ്ടെങ്കിൽ ഭൂമി തുല്യമായിട്ടാണ് പങ്കുവയ്ക്കുന്നത്. അവർക്ക് അധികം ഭൂമിയുണ്ടായിട്ടല്ല, പക്ഷേ, ഉള്ളത് തുല്യമായി വിഭജിക്കുന്നു. അവർക്കിടയിൽ സ്ത്രീധനസമ്പ്രദായമേയില്ല. തീരുമാനിച്ചുറപ്പിച്ച വിവാഹത്തിന് വരന്റെ ആൾക്കാർ പെൺകുട്ടിയുടെ അച്ഛന് എന്തെങ്കിലും കൊടുക്കണം, ഫലങ്ങളുണ്ടാകുന്ന മരങ്ങളോ ഒരു ചെറിയ തുണ്ട് ഭൂമിയോ അങ്ങനെ എന്തെങ്കിലും. അത് നൽകേണ്ടത് പെൺകുട്ടിയുടെ അച്ഛനല്ല, ആൺകുട്ടിയുടെ അച്ഛനാണ്. അവർക്കിടയിൽ വിവാഹമോചനം എളുപ്പത്തിൽ സാദ്ധ്യമാണ്. പുനർവിവാഹവും എളുപ്പത്തിൽ നടക്കുന്നു. വിധവകളുടെ പുനർവിവാഹം ആദിവാസി സമൂഹങ്ങളിൽ നൂറുകണക്കിന് വർഷമായി നടന്നുവരുന്നു. ഇതെല്ലാം അവരുടെ സമൂഹത്തിൽ ഉണ്ട്. വളരെ സംസ്കാരമുള്ളവരാണ് (civilized) അവർ.

**വികസനത്തെക്കുറിച്ചുള്ള ആധുനിക സങ്കല്പങ്ങൾ അവരെ എങ്ങനെയാണ് അവരുടെ യാഥാർത്ഥ്യത്തിൽനിന്ന് മുറിച്ചുമാറ്റുന്നത് ?**

അവരെ അവരുടെ യാഥാർത്ഥ്യത്തിൽനിന്നും മുറിച്ചുമാറ്റുകയാണ്... ആ മരങ്ങളെല്ലാം വെട്ടിക്കളഞ്ഞിരിക്കുന്നു. അവർ ആരാധിക്കുന്ന മരങ്ങൾ... പുഴകൾക്കുമീതെ അണക്കെട്ടുകൾ പണിയുന്നത്. ആദിവാസികൾക്ക് പുഴകൾ ദൈവത്തിന്റെ സൃഷ്ടിയാണ്, അതുകൊണ്ട് ഒരു പുഴയെ അതിന്റെ വഴിക്ക് ഒഴുകുവാൻ അനുവദിക്കണം. അതിനെ തടഞ്ഞുനിറുത്തി, അണക്കെട്ടുപണിത്, നഗരത്തിലെ ജനങ്ങൾക്ക് വെള്ളം ശേഖരിച്ചുവയ്ക്കുക എന്നത്, ആദിവാസികൾക്ക് അതു മനസ്സിലാകുകയില്ല. മുഖ്യധാരയിലെ ആളുകളും ആദിവാസികളും തമ്മിൽ ഒരിക്കലും ഒരു പരസ്പര ധാരണ ഉണ്ടായിട്ടില്ല. എന്റെ നിരീക്ഷണം ഇതാണ്.

**'വികസന'ത്തിനെതിരെ പ്രതിരോധം വേണമെന്നുപറയുന്ന ആ വാക്യത്തിൽ "സ്നേഹിക്കുക" എന്നല്ല, "സ്നേഹിക്കാൻ പഠിക്കുക" എന്നാണ് പറയുന്നത്. അതൊന്നു വിശദീകരിക്കാമോ?**

കാരണം, അവരെ നാം സ്നേഹിക്കുന്നില്ല, ദരിദ്രമായ വസ്ത്രങ്ങൾ ധരിച്ച ദരിദ്രരായ മനുഷ്യർ ആയിട്ടാണ് അവരെ നാം കാണുന്നത്. അവരോടു നാം സഹതാപം കാണിക്കുന്നു, അവരെ നാം സ്നേഹിക്കുന്നില്ല.

**ആ സംഭാഷണത്തിൽ, ആദിവാസികളുടെ സമൂഹത്തിൽ 'അനാഥർ' എന്നതിന് ഒരു വാക്കില്ല എന്നുപറയുന്നുണ്ട്. മാതാപിതാക്കൾ മരിച്ചുപോയാൽ, കുട്ടികളെ സമൂഹം സംരക്ഷിക്കുന്നു. അവർക്കിടയിൽ പൊങ്ങച്ചങ്ങളും ആഡംബരങ്ങളും ഇല്ല. ആദിവാസി സമൂഹത്തിലെ നന്മകളെക്കുറിച്ച് ആ സംഭാഷണത്തിൽ എണ്ണിപ്പറയുന്നുണ്ട്. 1965 മുതൽ ആദിവാസി സമൂഹങ്ങൾക്കിടയിൽ പ്രവർത്തിച്ചുപോരുന്നതിനിടയ്ക്ക് 1991-ൽ ആണ് ഈ സംഭാഷണം നടന്നിട്ടുള്ളത്. ഇപ്പോൾ ഇരുപതുവർഷം പിന്നിട്ടിരിക്കുന്നു. മദ്ധ്യവർഗ്ഗജീവികളുടെ 'സ്നേഹം' എന്ന സങ്കല്പത്തെക്കുറിച്ച്?**


കൊൽക്കത്തയെ പോലുള്ള നഗരത്തിലെ വീടുകളിൽ പണിയെടുക്കാൻ വരുന്നവർ, വീട്ടുവേലക്കാരിയായും മറ്റും പണിയെടുക്കാനെത്തുന്നവർ. അവരെ സ്നേഹിക്കുകയോ മനുഷ്യജീവികളായി അവരോടു പെരുമാറുകയോ ചെയ്യുന്ന പ്രശ്നമേയില്ല എന്ന സ്ഥിതിയാണ്. അവരെ സ്നേഹിക്കുന്നതിലൂടെ, അവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നിലൂടെ നമുക്കു പലതും ചെയ്യാൻ കഴിയും.

**അതേ സംഭാഷണത്തിലൊരിടത്ത്, ആദിവാസി സമൂഹത്തിലുള്ള 'ദിക്കു' (dikku) എന്ന ഒരു വാക്കിനെക്കുറിച്ചു പറയുന്നുണ്ടല്ലോ. ഹിന്ദുക്കളെക്കുറിച്ചു സൂചിപ്പിക്കാനുള്ള വാക്ക്. അന്യ (outsider) രെന്നു സൂചിപ്പിക്കുന്ന വാക്ക്?**

ഹിന്ദുക്കളെ മാത്രമല്ല, മുസ്ലീമുകളെയും ഇതേ വാക്കുകൊണ്ടാണ് വിശേഷിപ്പിക്കുന്നത്. എന്നെ ഒരിക്കലും ഒരു ദിക്കു എന്ന് അവർ വിളിച്ചിട്ടില്ല. കാരണം എന്റെ കാര്യത്തിൽ പരസ്പരം ഒരു മനസ്സിലാക്കൽ വളർന്നുവന്നിരുന്നു. പക്ഷേ, ഫാക്ടറികളിലും ഖനികളിലും എല്ലാം പണിയെടുക്കുന്നവരോടു പെരുമാറുന്നതെങ്ങിനെയാണ്? ഒരു വേലക്കാരിയോട് ഒരു തോട്ടക്കാരനോട് നിങ്ങളുടെ വീട്ടിൽ വന്ന് നിങ്ങളുടെ പാത്രങ്ങൾ കഴുകുകയും തുണിയലക്കുകയും ചെയ്യുന്ന ഒരു വേലക്കാരിയോട്, എങ്ങനെ പെരുമാറണമെന്ന് നാം പഠിച്ചിട്ടില്ല. അധികം കൂലി ലഭിക്കാത്തതുകൊണ്ട്, രണ്ടു മണിക്കൂർ, മൂന്നു മണിക്കൂർ പല വീടുകളിൽപ്പോയി പണിയെടുക്കേണ്ടി വരുന്ന വേല

ക്കാരികൾ. അവരെ സ്നേഹിക്കാൻ നാം പഠിക്കണം. നമ്മളിൽനിന്ന് വ്യത്യസ്തരായ മനുഷ്യരോട് എന്നതു പോലെയാണ് നാം അവരോട് പെരുമാറുന്നത്.

**ആദിവാസിജനങ്ങളും മുഖ്യധാരാമനുഷ്യരും സമാന്തരമായ ജീവിതങ്ങളാണ് നയിക്കുന്നത് എന്നും അവർ തമ്മിലുള്ള സമാഗമങ്ങൾ ഒരിക്കലും ഇല്ല എന്നും അതേ സംഭാഷണത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്... ഈ സന്ദർഭത്തിൽ കഴിഞ്ഞ മാസം അന്തരിച്ച പ്രമുഖ ചലച്ചിത്ര നിരൂപകനും ബംഗാളിയും ആയ ചിദാനന്ദ്ദാസ് ഗുപ്ത ഘട്ടക്കിനെക്കുറിച്ചെഴുതിയ ഒരു ലേഖനത്തിൽ പരാമർശിച്ച ഒരു കാര്യം ഓർക്കുന്നു. ആത്മവിനാശത്തിലേയ്ക്കു നയിച്ച ഘട്ടക്കിന്റെ മദ്യപാനത്തിന്റെ അടിസ്ഥാനകാരണം എന്തായിരിക്കാം എന്നു വിശദീകരിക്കാൻ ശ്രമിക്കുകയാണ് ചിദാനന്ദ്ദാസ് ഗുപ്ത. സ്വന്തം വർഗ്ഗത്തിനു പുറത്തുള്ള ഒരു വർഗ്ഗവുമായി താദാത്മ്യം പ്രാപിക്കാൻ കഴിയാതെ പോയതാകാം ഇതിനു കാരണം എന്നു സൂചിപ്പിച്ച ശേഷം, ഘട്ടക്കിന്റെ മരുമകളായ മഹാശ്വേതാദേവിക്ക് ഇതു സാധിക്കുന്നുണ്ട് എന്ന് അദ്ദേഹം എഴുതി. സ്ത്രീകളെക്കുറിച്ചും ആദിവാസികളെക്കുറിച്ചും ശക്തമായിട്ടെഴുതാൻ മഹാശ്വേതാദേവിക്കു കഴിയുന്നുണ്ടെന്നാണ് ദാസ് ഗുപ്ത കരുതുന്നത്. അതേ ലേഖനത്തിലൊരിടത്ത് ഘട്ടക്കിന്റെ 'അജാന്ത്രിക്ക്' എന്ന സിനിമയിൽ ഒരാൾ ആദിവാസികളുടെ ഒരു ഘോഷയാത്രയും അവരുടെ കൊടികളും എല്ലാം കാണിക്കുന്നുണ്ട് എങ്കിലും, ചിത്രത്തിന്റെ ഘടനയിൽ അത് കൃത്രിമമായിട്ടാണനുഭവപ്പെടുന്നത് എന്ന് അദ്ദേഹം ആരോപണമുന്നയിക്കുന്നു. പല ഘട്ടക്ക് ചിത്രങ്ങളുടെയും അവസാനഭാഗത്ത് പ്രത്യക്ഷപ്പെടുന്ന കുട്ടികളുടെ ദൃശ്യങ്ങൾപോലെ, ഇത്തരത്തിലുള്ള ആദിവാസികളുടെ ദൃശ്യങ്ങളും പ്രതീക്ഷയുടെ ബിംബങ്ങളായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്.**




ഇതിനെക്കുറിച്ച് ഞാൻ ഘട്ടക്കുമായി ഒരിക്കലും ചർച്ച ചെയ്തിട്ടില്ല. എനിക്ക് അദ്ദേഹം എന്താണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുപോലെ ഞാൻ എന്താണ് ചെയ്യുന്നത് എന്നും അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ചിത്രചിന്ത തീർത്തും അദ്ദേഹത്തിന്റെ സ്വന്തമായിരുന്നു. അദ്ദേഹം സത്യജിത്റായി അല്ല. ഘട്ടക്ക് ആണ്. അന്താരാഷ്ട്ര സിനിമയുടെ ലോകത്ത് ഇക്കാലത്ത് അദ്ദേഹം ആദരിക്കപ്പെടുന്നു എന്ന്, വളരെ ബഹുമാനിക്കപ്പെടുന്നു എന്ന്, ഞാനിപ്പോൾ അറിയുന്നു. കാരണം സ്വന്തം കാലത്തിനും മുമ്പിൽനിന്നു ചിന്തിച്ചിരുന്നു അദ്ദേഹം. ഇപ്പോൾ വിദേശചലച്ചിത്രകാരന്മാരും ഗൗരവമായി ചലച്ചിത്രപഠനം നടത്തുന്ന യുവജനങ്ങളും ഘട്ടക്ക് സിനിമകളിൽ ഇപ്പോൾ പലതും കണ്ടെത്തുന്നു...! 'നാഗരികി'നെപ്പോലെ, 'അജാന്ത്രിക്കും' ഗംഭീരമായ ഒരു ചിത്രമാണ്.

**അദ്ദേഹത്തിന്റെ അവസാനത്തെ രണ്ടു ചിത്രങ്ങളോ? 'തിതാഷ് ഏക്തി നദിർ നാമ'യും 'ജൂഗ്തി താക്കൊ ഓർ ഗാപ്പൊ'യും?**

ഗംഭീരമായൊരു ചിത്രമാണ് 'ജൂഗ്തി താക്കൊ ഓർ ഗാപ്പൊ'. അദ്വൈത കുമാർ മല്ല ബർമ്മന്റെ ഒരു മികച്ച കൃതിയാണ് 'തിതാഷ്'. പരമ്പരാഗത മുക്കുവരായിരുന്ന ഒരു ജനസമൂഹത്തിലാണ് മല്ല ബർമ്മൻ ജനിച്ചത്. തലമുറകളായി തിതാഷ് നദിയിൽ മീൻ പിടിക്കലല്ലാതെ മറ്റൊന്നുമില്ലാതിരുന്ന മുക്കുവർ... തീസ്ത എന്ന നദിയല്ല, സീസ്ത വലിയ നദിയാണ്, തിതാഷ് ഇപ്പോൾ ബംഗ്ലാദേശിലാണ്. തീസ്ത സിലിഗുരിയിലും മറ്റുമാണ്. ഘട്ടക്കിന്റെ ഭാര്യയുടെ നാട് സിലിഗുരിയാണ്. സിലിഗുരി ഘട്ടക്ക് സിനിമകളിൽ ആവർതത്തിച്ചുവരുന്നുണ്ട്. വളരെ വലിയ ഒരു നദിയൊന്നുമല്ല, വടക്കൻ ബംഗാളിൽ നിന്നുമൊഴുകി കിഴക്കൻ ബംഗാളിലേയ്ക്കു പോയി, ഒടുവിൽ വലിയ നദിയായ ബ്രഹ്മപുത്രയുമായി യോജിക്കുന്നു.

**നദി ഘട്ടക്ക് സിനിമകളിലെ ആവർത്തിച്ചുവരുന്ന കാഴ്ചയാണ്. സുവർണ്ണരേഖയിൽ, കോമാൾ ഗാന്ധാറിൽ. .. കോമാൾ ഗാന്ധാറിലെ പ്രശസ്തമായ ഒരു രംഗത്തിൽ റെയിൽപ്പാളങ്ങൾ ചെന്നവസാനിക്കുന്നത് നദീതീരത്താണ്. പശ്ചിമബംഗാളും കിഴക്കൻ ബംഗാളും തമ്മിലുള്ള അതിർത്തിയായി പത്മ എന്ന നദി?**

'കോമാൾ ഗാന്ധാറി'ലാണെന്നു തോന്നുന്നു പ്രശസ്തമായ ഈ ഗാനമുള്ളത്, 'ദോഹൈ ആലി, ദോഹൈ ആലി...' ('ഓ, പത്മാ, ഒരിക്കൽ നിന്നെ വിട്ടുപോയി, വീണ്ടും തിരിച്ചുവരുന്നു, ഈ വശത്തും പത്മ, ആ വശത്തും പത്മ, നടുവിലെ മണൽപ്രദേശത്ത് ശിവനിരിക്കുന്നു...' എന്ന തോണിപ്പാട്ടാണ് ഘട്ടക്ക് റെയിൽപ്പാതരംഗത്ത് അവതരിപ്പിച്ചിരിക്കുന്നത്).

**ഒരു നാടകസംഘത്തെക്കുറിച്ചുള്ള ചിത്രമാണത്**

പക്ഷേ, അടിസ്ഥാനപരമായി ബംഗാളിന്റെ വിഭജനത്തെക്കുറിച്ചുള്ള കഥയാണ്. വിഭജനം കാരണം ധാരാളം ആളുകൾ പശ്ചിമബംഗാളിലേയ്ക്കു വന്നത്. ഏറെ പ്രതിസന്ധികൾ, ഭീകരമായ ഏറെ അനുഭവങ്ങൾ...

**ഘട്ടക്കിനെക്കുറിച്ചുള്ള ലേഖനത്തിൽ ഗുപ്ത എടുത്തുപറഞ്ഞിട്ടുള്ള മറ്റൊരു കാര്യമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു പ്രമുഖ ബുദ്ധിജീവിയായ ബാബനി സെൻ രവീന്ദ്രനാഥ ടാഗോറിനെ ഒരു പിന്തിരിപ്പനെന്നു വിമർശിച്ചപ്പോൾ, ഘട്ടക്ക് ശക്തമായി പ്രതിഷേധിച്ചു.**

ടാഗോറിനെ വിമർശിക്കേണ്ട ഒരു കാര്യവുമില്ല ബാബനി സെന്നിന്.

**ഇതു ഞാനോർക്കാൻ കാരണം, ഇന്നു കാലത്ത് കണ്ടാണശ്ശേരിയിൽവച്ച് കോവിലൻ കുടീരം തുറന്നുകൊണ്ട് നടത്തിയ പ്രഭാഷണത്തിലെ പരാ**

**മർശങ്ങളാണ്. കേട്ടുകൊണ്ട്, ടാഗോറിനെ നേർക്കുനേർ കണ്ടുകൊണ്ട്, ടാഗോറിന്റെ കാൽക്കലിരുന്ന്, ശാന്തിനികേതനിൽ പഠിച്ച കുട്ടിക്കാലത്തെക്കുറിച്ച് പറയുകയുണ്ടായല്ലോ. ഒരു കാലത്ത് ഇടതുപക്ഷത്തിൽനിന്ന് ടാഗോറിനെതിരെ ശക്തമായ വിമർശനങ്ങൾ ബംഗാളിൽ ഉണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. പ്രത്യേകിച്ച് നക്സലൈറ്റ് കാലഘട്ടത്തിൽ, എഴുപതുകളിൽ, എൺപതുകളിൽ... ടാഗോറിന്റെ 150-ാം ജന്മവാർഷികത്തിന്റെ പശ്ചാത്തലത്തിൽ ടാഗോറിനെക്കുറിച്ചു സംസാരിക്കുകയാണെങ്കിൽ...**

അക്കാലത്ത് അവർ ടാഗോറിനെ വിമർശിച്ചിട്ടുണ്ട് എങ്കിൽ, അതു ചെയ്യരുതെന്ന് അവർ പഠിച്ചിട്ടുണ്ട്. കാരണം, ടാഗോർ അതിനേക്കാളൊക്കെ എത്രയോ പ്രധാനമാണ്. പോളിറ്റ്ബ്യൂറോ, കമ്മ്യൂണിസ്റ്റ് പാർട്ടി, അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ടാഗോറിനോട് ആരാധനയായിരുന്നു. പാർട്ടി വിഭജിക്കപ്പെട്ടപ്പോൾ വ്യത്യസ്തമായിരുന്നു അത്. ടാഗോറിനെ വിർശിക്കുക തുടങ്ങിയ കാര്യങ്ങൾ അവർക്കു വേണ്ടിയിരുന്നു. അവസാനം, ഇപ്പോൾ, അവരെല്ലാവരും ടാഗോറിന് കീഴടങ്ങിക്കഴിഞ്ഞു. അവർക്കിപ്പോൾ മനസ്സിലായി, ടാഗോറിനെ അവർക്കു നഷ്ടപ്പെടുത്താൻ പറ്റില്ല എന്ന്. ടാഗോർ എന്താണ് ചെയ്തിരുന്നത് എന്ന് അവർക്കിപ്പോൾ മനസ്സിലായി,... അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ, ഗംഭീരമായ രചനകളാണ്.

**ഇന്നലെ സംസാരിക്കുന്നതിനിടയ്ക്ക് ടാഗോറിനെക്കുറിച്ച് സത്യജിത്റായ് എടുത്ത ഡോക്കുമെന്ററി ഒരു മികച്ച സൃഷ്ടിയാണ് എന്നു പറയുകയുണ്ടായല്ലൊ...**

ചിത്രത്തിന്റെ അന്ത്യഭാഗത്ത് രണ്ടാം ലോകമഹായുദ്ധത്തിന്റെ വരവും...

**ഒരുതരം പ്രാർത്ഥന ചിത്രാന്ത്യത്തിൽ ഉണ്ട് എന്നു തോന്നുന്നു.**

ശരിയാണ്. ആളുകൾക്ക് മുന്നറിയിപ്പു കൊടുക്കാൻ ശ്രമിക്കുകയാണ് ടാഗോർ. എന്നാൽ ആ ശബ്ദം കേൾക്കപ്പെടുന്നില്ല. താൻ യുദ്ധത്തിൽ പരാജയപ്പെടുകയാണ് എന്ന് അദ്ദേഹത്തിന് തോന്നുന്നു.

**ചിത്രം അവസാനിക്കുമ്പോഴേയ്ക്കും അന്തരീക്ഷം വല്ലാതെ ഇരുണ്ടുപോകുന്നു.**

രണ്ടാം ലോക മഹായുദ്ധത്തിന്റെ വരവ്, ഹിറ്റ്ലറുടെ പീഡനങ്ങൾ, യഹൂദവിരുദ്ധ നീക്കങ്ങൾ, കൂട്ടക്കൊലകൾ. .. ഞാനോർക്കുന്നു. ആ നാളുകളിൽ റിത്വിക് ഘട്ടക്ക് വല്ലാതെ അസ്വസ്ഥനായിരുന്നു.

**സത്യജിത്റായിയുടെ ഒരു കഥാചിത്രം തിരഞ്ഞെടുക്കുകയാണെങ്കിൽ, ഏതു ചിത്രമായിരിക്കും തിരഞ്ഞെടുക്കുക?**

'പഥേർ പാഞ്ചാലി', 'അപുത്രയം'. മികച്ച ചിത്രങ്ങളാണവ. പക്ഷേ, ടാഗോറിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഡോക്കുമെന്ററി എനിക്കിഷ്ടമാണ്. ലോകത്തിന് ഒരു വെളിവുണ്ടാക്കാൻ ശ്രമിക്കുകയാണ് ടാഗോർ.

**ടാഗോറിന്റെ കൃതിയെ ആധാരമാക്കി നിർമ്മിച്ച 'ചാരുലത'യോ?**

'ചാരുലത', വളരെ... വളരെ നന്നായിട്ടെടുത്ത (well-made) ചിത്രങ്ങളാണദ്ദേഹത്തിന്റെ എന്നത് സത്യമാണ്.


**ഇന്നോ ഇന്നലെയോ പറഞ്ഞ ഒരു കാര്യം, എവിടെവെച്ചാണെന്ന് ഓർക്കുന്നില്ല, ഇന്നുകാലത്ത് നടത്തിയ പ്രഭാഷണത്തിലോ മറ്റോ ആണ്. "സാഹിത്യത്തെ ഞാൻ ഗൗരവമായിട്ടെടുക്കുന്നു" (I take literature seriously). നാമിപ്പോൾ ജീവിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ്, യുവജനങ്ങൾക്കിടയിൽ സാഹിത്യത്തിന്റെ പ്രാധാന്യം കുറഞ്ഞുവരികയാണ് എന്നുതോന്നുന്നു?**

കാരണം, ഒരു നൂറ്റാണ്ടിനും ടോൾസ്റ്റോയിയെയും ഡൊസ്റ്റൊവ്സ്കിനെയും പൂർണ്ണമായും അവഗണിക്കുക എന്നത് സാദ്ധ്യമല്ല (Because, no century can afford to neglect Tolstoy or Dostoevsky totally). മിഖെയ്ൽ ഷൊളൊഖോവിന്റെ ആ ശക്തമായ കഥകൾ നിങ്ങൾ ഓർക്കുന്നില്ലെ? 'ഡോൺ ശാന്തമായൊഴുകുന്നു', കൊസ്സാക്ക് വിപ്ലവം...

**ആദിവാസി സമൂഹങ്ങളുടെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ സാഹിത്യത്തെ ഒന്നു നിർവ്വചിക്കമോ? അവർക്ക് സാധാരണഗതിയിൽ എഴുതപ്പെട്ട കൃതികൾ ഇല്ലല്ലോ?**

അവർക്ക് സാധാരണഗതിയിൽ എഴുതപ്പെട്ട കൃതികൾ ഉണ്ടാകണമെന്നില്ല, പക്ഷേ, അവരുടെ കഥകൾ കേട്ടുനോക്കൂ, അവർ അവരുടെ നാടൻകഥകൾ പറയുന്നു... അതെല്ലാം മൃഗങ്ങളോടുള്ള സ്നേഹത്തെക്കുറിച്ചാണ്, കാടുകളോടുള്ള സ്നേഹത്തെക്കുറിച്ചാണ്, ജീവന്റെ പരിരക്ഷണത്തെക്കുറിച്ചാണ്, ജീവനെ ബഹുമാനിക്കുന്നതിനെക്കുറിച്ചാണ്. ഗംഭീരമായ കഥകൾ. വാമൊഴിയായ സാഹിത്യമാണ് അത്. സ്ത്രീകൾ ഈ കഥകൾ പറഞ്ഞു കൊണ്ടേയിരുന്നു, ഈ കഥകൾ ഒരിടത്തുനിന്നു മറ്റൊരിടത്തേയ്ക്കു സഞ്ചരിച്ചുകൊണ്ടേയിരുന്നു. അവരുടെ കാര്യത്തിൽ സാഹിത്യം എന്നത് കൂടുതലായും വാമൊഴിയായിട്ടാണ്. വളരെ പ്രധാനപ്പെട്ട കഥകളാണവയെല്ലാം. ഇപ്പോൾ അതെല്ലാം സമാഹരിച്ച് അച്ചടിക്കപ്പെട്ടിട്ടുണ്ട്. കാടിന്റെ സംരക്ഷണം, ജലത്തിന്റെ സംരക്ഷണം, നദിയെ ആദരിക്കൽ, അതുപോലുള്ള കാര്യങ്ങളെല്ലാം... വിനാശകാരിയായ എന്തിലെങ്കിലും ആദിവാസികൾ ഒരിക്കലും ഏർപ്പെട്ടിട്ടില്ല, പ്രകൃതിയെ നശിപ്പിക്കുന്നത്, മരങ്ങളെല്ലാം വെട്ടിമുറിക്കുന്നത്, മൃഗങ്ങളെയെല്ലാം കൊന്നൊടുക്കുന്നത്, യുക്തിരഹിതമായ കൊന്നൊടുക്കൽ... രണ്ടാം ലോകയുദ്ധം... ധാരാളം സിനിമകൾ ഉണ്ടായിട്ടുണ്ട്. ആദിവാസിയായ ഒരു പ്രൊഫസറും ഭാര്യയും ഒരിക്കൽ എന്നോടു ചോദിച്ചത് ഞാനോർക്കുകയാണ്, "എന്തുകൊണ്ടാണിതെല്ലാം, എന്തുകൊണ്ടാണിത്രയും കൊന്നൊടുക്കലുകൾ, എന്തുകാര്യത്തിനായിട്ടാണ്?" ഒരിക്കലും യുക്തിശൂന്യമായ കൊന്നൊടുക്കലിനെ, യുക്തിശൂന്യമായി വനങ്ങൾ നശിപ്പിക്കുന്നതിനെ പുഴകളെ, കിളികളെ, ഇല്ലാതാക്കുന്നതിനെ, ഒരിക്കലും അവർ പിന്താങ്ങുകയില്ല.

**'ബൊർത്തിക' (വർത്തിക) എന്ന ഒരു മാസിക പ്രസിദ്ധീകരിച്ചു പോരുന്നുണ്ടല്ലോ. നാല്പതു കൊല്ലം മുമ്പോ മറ്റോ ഒരു ലക്കം റിക്ഷാക്കാരായ**



ചിത്രീകരണം: കന്യകാ കിനി, മഹാശ്വേതാദേവിയുടെ ഒരു എന്തിനെന്തിനു പെൺകുട്ടി എന്ന പുസ്തകത്തിൽ നിന്നും

**എഴുത്തുകാരുടെ ഒരു വിശേഷാൽ പതിപ്പ് ഇറക്കി എന്നു കേട്ടിട്ടുണ്ട്?**

അവർ മാത്രമല്ല. ഒരു റിക്ഷാക്കാരനുണ്ടായിരുന്നു. ഇപ്പോഴും ആ ബന്ധം തുടരുന്നുണ്ട്. എന്റെ വീട്ടിൽ വരാറുണ്ട്. നല്ല എഴുത്തുകാരനാണ്, കഥകൾ വായിക്കുന്നതിൽ തല്പരനാണ്. ഒരിക്കൽ ഞാനയാളോട് പറഞ്ഞു, എന്നെ കോളേജിലേയ്ക്കു കൊണ്ടുപോകണമെന്ന്. ബസ്സിൽ നിന്നിറങ്ങിയിട്ട് പിന്നെയും പോകണം എനിക്ക് കോളേജിലെത്തണമെങ്കിൽ. "എനിക്കു പറ്റില്ല, ഞാനൊരു പുസ്തകം വായിക്കുകയാണ്", എന്നായിരുന്നു മറുപടി. "ഏതു പുസ്തകമാണ് വായിക്കുന്നത്?". എന്റെ ഒരു പുസ്തകമാണ് വായിക്കുന്നത് എന്ന് ഞാൻ കണ്ടു. ഞാൻ പറഞ്ഞു, "ആ പുസ്തകമെഴുതിയത് ഞാനാണ്. എനിക്ക് കോളേജിൽ പോകണം. ഈ ക്ലാസ്സുകൾ വളരെ പ്രധാനപ്പെട്ടതാണ്". റിക്ഷാക്കാരന് അത്ഭുതം തോന്നി. അയാളുടെ ഒന്നോ രണ്ടോ കഥകൾ ഞാൻ അച്ചടിച്ചു. എല്ലാവരും പിന്നീട് ഒരു ദളിത് എഴുത്തുകാരനായിട്ടാണ് ആ റിക്ഷാക്കാരനെ കണ്ടത്. താണ ജാതിക്കാരനെന്നു കരുതപ്പെടുന്ന ഒരു റിക്ഷാക്കാരൻ, അയാൾ കഥകൾ എഴുതുകയാണ്, വേറെയും പല കഥകൾ അയാൾ എഴുതി. ആൺകുട്ടികളുടെ ഒരു ഹോസ്റ്റലിൽ ദരിദ്രനായിത്തന്നെ അയാൾ ഇപ്പോഴും ജോലി ചെയ്യുന്നു.

**മനോരഞ്ചൻ വ്യാപാരി എന്നല്ലേ പേര്?**

അതെ. മികച്ച ഒരു പാചകക്കാരനുമാണ്. വല്ലപ്പോഴും എനിക്കുവേണ്ടിയും പാചകം ചെയ്യാറുണ്ട്.

**സ്വന്തം കൃതികളെ ആധാരമാക്കി അഞ്ചോളം സിനിമകൾ ഇറങ്ങിയിട്ടുണ്ടല്ലോ. അവയെക്കുറിച്ചു സംസാരിക്കാമോ ഇനി?**

ഗോവിന്ദ് നിഹലാനിയാണ് 'ഹസാർ ചൗരസ്യ കി മാ' എടുത്തത്. പിന്നെ 'ഗംഗോർ', 'രുദാലി'...

**കല്പനാ ലാജ്മിയാണ് 'രുദാലി' ഹിന്ദിയിൽ എടുത്തത്. വളരെ പ്രശസ്തമായി ആ ചിത്രം. ഡിമ്പിൾ കപാഡിയ ആയിരുന്നു കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ചത്.**

ഈ ചിത്രങ്ങളെല്ലാം എടുക്കുമ്പോൾ എഴുതിയ ആൾ.. അവരാരും ഒരിക്കലും എന്നോട് ചർച്ച ചെയ്തിട്ടില്ല. അവർ കഥ കണ്ടു, താല്പര്യം തോന്നി. ഒരിക്കലും ഞാനുമായി ചർച്ച ചെയ്തിട്ടില്ല. പൂർത്തിയായ ചിത്രം ഞാൻ കണ്ടു. 'ഹസാർ ചൗരസ്യ' വളരെ പോപ്പുലർ ആയിരുന്നു. പഴയ ഒരു പരിചയക്കാരനാണ് ഗോവിന്ദ്. ചിത്രം പ്രശംസിക്കപ്പെട്ടു. അതും ഹിന്ദിയിലാണ് എടുത്തിട്ടുള്ളത്.

**'മട്ടി മായ്' മറാത്തിയിലാണ് എന്നു തോന്നുന്നു. 'ഗംഗേർ' ഇറ്റാലിയൻ ഭാഷയിലും.**

അതെ. 'മട്ടി മാ'യും പോപ്പുലർ ആയിരുന്നു. നന്നായി പ്രശംസിക്കപ്പെടുകയും ആസ്വദിക്കപ്പെടുകയും ഉണ്ടായി.

**സിനിമയെടുക്കാനും എഴുതാനും കഴിവുണ്ട് എന്നു വരികിൽ, തിരഞ്ഞെടുക്കുക ഏതായിരിക്കും?**

ഞാനൊരിക്കലും ഈ രീതിയിൽ ചിന്തിച്ചിട്ടേയില്ല, എനിക്കൊരു സിനിമയെടുക്കാൻ കഴിയുമെന്ന്. ഒരു സിനിമയെടുക്കാൻ ഒരിക്കലും ഞാൻ ആഗ്രഹിച്ചിട്ടില്ല.

**ഒരിക്കൽ അരുന്ധതിറോയിയുമായും ഈ കാര്യത്തെക്കുറിച്ചു സംസാരിക്കുകയുണ്ടായി. തിരക്കഥാ രചയിതാവായിരുന്നല്ലോ ആദ്യം. പിന്നീടാണ് നോവലെഴുതിയത്. നോവലെഴുതുന്നതാണ് കൂടുതൽ പ്രധാനപ്പെട്ട കാര്യം എന്ന് അന്ന് പറഞ്ഞതായിട്ടോർക്കുന്നു. ആ നോവൽ എത്രയോ ആളുകളിലാണ് എത്തിച്ചേർന്നത്. അതുപോലെ അത്രയും ആളുകളിലേയ്ക്ക് അതേ കാര്യങ്ങളെക്കുറിച്ചൊരു സിനിമയെടുത്താലെത്തുമായിരുന്നില്ല എന്നാണ് അരുന്ധതി റോയ് പറഞ്ഞത്. തന്നെ ഒരെഴുത്തുകാരി എന്ന നിലയ്ക്കുതന്നെയാണ് അരുന്ധതി റോയ് കണ്ടത്.**

കാരണം അമ്പതുകൊല്ലം മുമ്പത്തെ, നൂറുകൊല്ലം മുമ്പത്തെ, സാഹിത്യം നാം വായിക്കുന്നു. എഴുതുന്ന ഞങ്ങളെപ്പോലുള്ള ആളുകൾക്ക് സാഹിത്യത്തെക്കുറിച്ചു മാത്രമാണ് ചിന്തിക്കാനാവുക.

**ഒരു ഇംഗ്ലീഷ് പ്രൊഫസർ എന്ന നിലയിൽ 1985-ൽ ജോലിയിൽനിന്ന് വിരമിച്ചതാണല്ലോ. ഇംഗ്ലീഷ് ഭാഷയുമായുള്ള ബന്ധത്തെക്കുറിച്ചു സംസാരിക്കാമോ? അടിസ്ഥാനപരമായി ബംഗാളിയിലെ ഒരെഴുത്തുകാരിയാണ്. എന്നാൽ പഠിപ്പിച്ചിരുന്നത് ഇംഗ്ലീഷാണ്.**

കാരണം, എപ്പോഴും സ്വന്തമായ ഒരു ഇച്ഛയുള്ള വ്യക്തിയാണ് ഞാൻ (a self willed person). ഞാൻ ശാന്തിനികനിലായിരുന്നു പഠിച്ചിരുന്നത്. വീണ്ടും കോളേജുപഠനത്തിനായി അവിടേയ്ക്കുതന്നെ പോയി. ഇംഗ്ലീഷ് ഓണേഴ്സ് എടുത്തു ഞാൻ. അങ്ങനെ ചെയ്യേണ്ട ഒരു കാര്യവുമില്ലായിരുന്നു. കാരണം, കുട്ടിക്കാലം മുതൽക്കേ എന്നെ പഠിപ്പിച്ചിരുന്ന അദ്ധ്യാപകൻ അവിടെ ഉണ്ടായിരുന്നു, അവരെല്ലാവരും എന്നോട് ബംഗാളിയിൽ ഓണേഴ്സ് ചെയ്യാനാണ് പറഞ്ഞത്. ബംഗാളിയിൽ നീ അത്രയ്ക്കു കഴിവുള്ളവളാണ്, എന്നാണ് അവർ പറഞ്ഞത്. ഇല്ല, ഞാൻ പോയത് ഇംഗ്ലീഷ് ഓണേഴ്സ്. കല്യാണത്തിനുശേഷം, പല വർഷം കഴിഞ്ഞ്, ഞാൻ എംഎ. പരീക്ഷയ്ക്കിരുന്നു, പാസ്സായി.

**കല്യാണത്തിനുശേഷമാണോ എംഎ. ചെയ്തത്?**

അതെ, എന്നിട്ട് ഒരു കോളേജിൽ ഇംഗ്ലീഷ് പഠിപ്പിച്ചു.

**അത് കൊൽക്കത്ത നഗരത്തിലായിരുന്നല്ലോ.**

അതെ, നഗരം തന്നെ, പക്ഷേ പ്രാന്തപ്രദേശത്തായി. പാവപ്പെട്ട, വീടില്ലാത്ത, ബംഗാളികൾ വന്നിരുന്ന സ്ഥലം. ടീച്ചർ എന്ന നിലയ്ക്ക് ഞാൻ വിജയിച്ചിരുന്നു എങ്കിലും അതു ഞാനുപേക്ഷിച്ചു. അത് ഞാനിഷ്ടപ്പെട്ടില്ല.

**ഇംഗ്ലീഷ് എന്ന ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച്?**

ഒരു ബന്ധഭാഷ (link language) എന്ന നിലയ്ക്കു മാത്രമാണ് ഇംഗ്ലീഷിന് പ്രധാനപ്പെട്ടതാകുന്നത്. ലോകം കൂടുതലായി ഞാൻ കണ്ടുകൊണ്ടിരിക്കുന്ന ഈ നാളുകളിൽ, ലോകത്തെ അറിഞ്ഞുകൊണ്ടിരിക്കുമ്പോൾ... അമേരിക്ക, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ ഞാൻ പലവട്ടം പോയിട്ടുണ്ട്. ഇംഗ്ലീഷ് ഏറ്റവും പ്രധാനപ്പെട്ട ബന്ധഭാഷയായിത്തീർന്നിട്ടുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. ലോകത്തിൽ എവിടെയും ഇംഗ്ലീഷുകൊണ്ട് ആളുകളുമായി എങ്ങനെയെങ്കിലും സംസാരിക്കാൻ പറ്റും. ഫ്രാൻസിൽ ഇംഗ്ലീഷറിയുന്നവരെ ആധാരമാക്കി സിനിമ പിടിക്കാൻ ഇറ്റലിക്കാരൻ വന്നപ്പോൾ അവരും സംസാരിച്ചത് ഇംഗ്ലീഷാണ്. പ്രധാനപ്പെട്ട ഒരു ബന്ധഭാഷയാണ് ഇംഗ്ലീഷ്.

**പത്തു പതിനഞ്ചു വർഷം മുമ്പ് തൃശൂരിൽ വന്നിരുന്നത് ഓർക്കുന്നു. ഇന്നലെ നെടുമ്പാശ്ശേരിയിൽ, കൊച്ചിൻ വിമാനത്താവളത്തിൽ, വന്നിറങ്ങിയശേഷം പണ്ടുവന്ന അതേ റോഡിലൂടെ തൃശൂരിലേയ്ക്കുവന്നപ്പോൾ എന്തായിരുന്നു അനുഭവം?. പുതിയ ഹൈവെ, വികസനത്തിന്റെ പുതിയ ലോകമാണ് എങ്ങും. ഇനി നാളെ ഹൈവേ വികസനവും വല്ലാർപാടവും എല്ലാം കാരണം കുടിയിറക്കപ്പെട്ടവരുടെ അടുത്തേയ്ക്ക്, മൂലംപള്ളിയിലേയ്ക്ക് പോകുകയാണ്. കണ്ടതുവച്ച് കേരളത്തിന്റെ പുതിയ വികസനത്തെക്കുറിച്ചു സംസാരിക്കാമോ?**

കേരളത്തിൽ മാത്രമല്ല, മറ്റു പലയിടങ്ങളിലും വീടുകളിൽനിന്ന് ആളുകളെ കുടിയിറക്കുകയാണ്. ഒരു കാഴ്ചപ്പാടുമില്ലാതെ, അവരുടെ ജീവിതത്തിന്റെ മുഴുവൻ ക്രമവും നശിപ്പിച്ചുകൊണ്ട്... അവരുടെ ആവശ്യങ്ങളെന്താണ് എന്നതിനെക്കുറിച്ച്... മൂലമ്പിള്ളിയിൽ അവരെ കുടിയിറക്കി... കൃഷിചെയ്യുന്നത് മരവിപ്പിച്ചു നിരത്തുക തുടങ്ങിയ കാര്യങ്ങൾ ഉണ്ടോ എന്നെനിക്കറിയില്ല. ജനങ്ങളെ ഇങ്ങനെ നശിപ്പിക്കുന്നത്, ഒരു സ്ഥലത്തുനിന്ന് കുടിയിറക്കുന്നത്, എനിക്കു സഹിക്കാനാകില്ല. വികസനത്തിന്റെ പേരിൽ ജനങ്ങളെ അവരുടെ വേരുകളിൽ നിന്നറുത്തുമാറ്റി കുടിയൊഴിപ്പിക്കുന്നത്, ലോകത്തിലേയ്ക്കു വലിച്ചെറിയുന്നത്... അവർ എങ്ങനെ അതിജീവിക്കും?. എന്തെങ്കിലും ഒരു വ്യവസ്ഥ വേണം, അവരുടെ ജീവിതാവസ്ഥയെക്കുറിച്ചൊരു പരിഗണന വേണം. ഇന്ത്യയിലെ വികസനത്തിന്റെ പുതിയ മാതൃകയിൽ എനിക്കതു കാണാൻ കഴിയുന്നില്ല.

**ബംഗാളിൽ നഗരത്തിൽ മാത്രമേ വൈദ്യുതി ലഭിക്കുന്നുള്ളൂ എന്ന് ഇന്നു കാലത്ത് പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നല്ലോ. ബംഗാളിലെ മറ്റു ഭാഗങ്ങളിലൊന്നും വൈദ്യുതിയെത്തിയിട്ടില്ല. മറ്റു ഭാഗങ്ങളിലേയ്ക്കും വൈദ്യുതി എത്തിയ്ക്കാൻ തുടങ്ങുമ്പോൾ പുതിയ പ്രതിസന്ധികളുണ്ടാകാനിടയുണ്ടോ?. അണക്കെട്ടുകളുടെ നിർമ്മാണവും ഹൈഡ്രോഇലക്ട്രിക് പ്രോജക്ടുകളും വികസനവും?**

വൈകുന്നേരം കഴിഞ്ഞാൽ വൈദ്യുതിയില്ല, മണ്ണെണ്ണ വിളക്കുകൾ മാത്രമാണുള്ളത്. അവർക്ക് വീടുകളിൽ, സ്കൂളുകളിൽ വൈദ്യുതി വേണം. മണ്ണെണ്ണ വിളക്കുകളുപയോഗിച്ചാണ് പഠിക്കാനവർ പണിപ്പെടുന്നത്. ഡോക്ടർമാർ മണ്ണെണ്ണ വിളക്കുകളുടെ വെളിച്ചത്തിലാണ് ഓപ്പറേഷനുകൾ ചെയ്യുന്നത്. സി.പി.എം ഗവൺമെന്റ് ഒരു വലിയ പരാജയമായിരുന്നു.

*(കോവിലൻ സ്മൃതികുടീരം ഉദ്ഘാടനം ചെയ്യാനായി ജൂൺ ആദ്യവാരത്തിൽ കണ്ടാണശ്ശേരിയിലെത്തിയ മഹാശ്വേതാദേവിയുമായി ഗുരുവായൂരിൽവച്ച് നടത്തിയ സംഭാഷണം)*

## മഹാശ്വേതാദേവി

എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ മഹാശ്വേതാദേവി 1926-ൽ ബംഗ്ലാദേശിലെ ഡാക്കയിലാണ് ജനിച്ചത്. കൊൽക്കത്തയിലെ ബിജോയ്ഘർ കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപികയായിരുന്നു. എഴുപതോളം കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1965 മുതൽ ആദിവാസി സമൂഹങ്ങൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി ജീവിതാവിഷ്ക്കാരങ്ങളുടെ തീക്ഷ്ണതകൊണ്ടും സൂക്ഷ്മതകൊണ്ടും സത്യസന്ധതകൊണ്ടും കൃതികൾ ലോകശ്രദ്ധ ആകർഷിച്ചു. കുടിയിറക്കപ്പെടുന്ന ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സിങ്കൂരിലും നന്ദിഗ്രാമിലും നടന്ന സമരങ്ങളുടെ മുൻനിരയിൽ തന്നെയുണ്ടായിരുന്ന മഹാശ്വേതാദേവി വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവർക്ക് പിന്തുണ നൽകാനായി മൂലമ്പിള്ളിയിലും രണ്ട് തവണ എത്തി.